MONDAY 12-12-2022 തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : Sreekala S

Editor : Dr. Saritha Vijayan K

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/12/2022.

1. **ആസാദി കാ അമൃത്** മഹോത്സവത്തിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഡിസംബർ ഒന്നു മുതൽ ഏഴ് വരെ വിള ഇൻഷുറൻസ് വാരാചരണം സംഘടിപ്പിക്കുന്നു ഇതിന്റെ ഭാഗമായി കേന്ദ്രവിഷ്കൃത വിള ഇൻഷുറൻസ് പദ്ധതികൾ ആയ പ്രധാനമന്ത്രി ഫസൽ ബീമാ യോജന കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി എന്നിവയിൽ കർഷകർക്ക് അംഗത്വം എടുക്കാം. കൂടുതൽ വിവരങ്ങൾക്ക് **180-425-7064** എന്ന നമ്പരിൽ ബന്ധപ്പെടുക. രജിസ്ട്രേഷനുള്ള അവസാന തീയതി 2022 **ഡിസംബർ 31** .

2. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരളയുടെ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഹെഡ് ഓഫീസിൽ അക്കൗണ്ട്സ് ഓഫീസറുടെ തസ്തികയിലേയ്ക്ക് അഭിമുഖത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത: ബിരുദാന്തര ബിരുദം (കൊമേഴ്സ് / സി.എ.ഇന്റെർ) സി.എം.എ. ഇന്റെർ (അല്ലെങ്കിൽ) ഐ.സി.ഡബ്ല്യു.എ.ഇന്റെർ/എം.ബി.എ- ഫിനാൻസ്. മറ്റ് യോഗ്യത: റ്റാലി സോഫ്റ്റ് വെയർ ആന്റ് കമ്പ്യൂട്ടർ അക്കൗണ്ടിംഗിൽ പരിജ്ഞാനം. കുറഞ്ഞത് 5 വർഷത്തെ പ്രവർത്തി പരിചയം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ, വിശദമായ ബയോഡേറ്റ എന്നിവ സഹിതം 16-12-2022-ന് രാവിലെ 09.30 മണിയ്ക്ക് നടക്കുന്ന വാക്ക്-ഇൻ- ഇന്റർവ്യൂവിനായ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ - കേരള, സണ്ണി ഡയൽ, മീഡ്സ് ലൈൻ, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ വിശദമായ ബയോഡേറ്റ 15-12-2022, വൈകിട്ട് 4.30-ന് മുമ്പായി infoshmkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ- കേരളയുമായി **0471 233057** എന്ന നമ്പരിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.

3. റബ്ബർബോർഡിന്റെ ഇലക്ട്രോണിക് ഡേറ്റ പ്രോസസിങ് ഡിവിഷനുമായി ബന്ധപ്പെട്ട ജോലികൾക്കായി 'പ്രോഗ്രാമർ' തസ്തികയിൽ താൽകാലികാടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷകൾ

ക്ഷണിക്കുന്നു. അപേക്ഷകർ ബി.ടെക് (കംപ്യൂട്ടർ / ഐ.ടി.) ബിരുദമോ എം.സി.എ. ബിരുദമോ ഉള്ളവരും ഒരു വർഷത്തെ പ്രവൃത്തിപരിചയം ഉള്ളവരും ആയിരിക്കണം. കോട്ടയത്ത് റബ്ബർബോർഡ് കേന്ദ്ര ഓഫീസിലെ ഇലക്ട്രോണിക് ഡേറ്റ പ്രോസസിങ് ഡിവിഷനിലെ രണ്ട് ഒഴിവുകളിലേക്കാണ് നിയമനം. താൽപര്യമുള്ളവർ 2022 ഡിസംബർ 28-ന് രാവിലെ 10 മണിക്ക് ഡെപ്യൂട്ടി ഡയറക്ടർ, ഇ.ഡി.പി. ഡിവിഷൻ മുമ്പാകെ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.org.in. സന്ദർശിക്കുക.

4. കുടപ്പനക്കുന്ന് സർക്കാർ കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വ, വെള്ളി ദിവസങ്ങളിലും ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻകോഴി കുഞ്ഞുങ്ങളെ അഞ്ചു രൂപ നിരക്കിൽ ലഭ്യമാണ്. ആവശ്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെയുള്ള സമയത്ത് 0471-2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## പരിശീലന പരിപാടികൾ

5. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിൽ '**സസ്യ പ്രജനന മാർഗങ്ങൾ (ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്), വിവിധ തരം കംപോസ്റ്റുകൾ, പച്ചക്കറി കൃഷി, വിളകളുടെ കീട രോഗ നിയന്ത്രണം, വിളകളിലെ പോഷകങ്ങളുടെ അഭാവഭാവങ്ങൾ''** എന്നീ വിഷയങ്ങളിൽ **ഡിസംബർ 15, 16, 17** തീയതികളിലായി പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ആയിരം രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. താല്പര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായാ tssvellayani@kau.inഎന്ന ഇമെയിലിലേക്ക് അയക്കുകയോ ചെയ്യുക. ഡിസംബർ 14-ന് (14/12/2022 ന്) 3 മണിക്ക് മുൻപേ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കോട്ടയം തിരുവല്ലയിലെ മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഡിസംബർ 14-ന് രാവിലെ പത്ത മണി മുതൽ വൈകുന്നേരം അഞ്ച് മണി **ഇറച്ചിക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സൗജന്യ പരിശീലന ക്ലാസ്സ് സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9188522711** എന്ന മൊബൈൽ നമ്പറിലോ, **0469-2965535** എന്ന ഫോൺ നമ്പറിലോ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

7. മഴക്കാലത്തും മഞ്ഞു കാലത്തും വ്യാപകമായി ചീരയിൽ കാണാൻ സാധ്യതയുള്ള ഒരു രോഗമാണ് **ഇലപ്പുള്ളി രോഗം.** ഇലകളിൽ വെള്ള നിറത്തോടുകൂടിയ പൊട്ടുകൾ പ്രത്യക്ഷപ്പെടുന്നതാണ് ആരംഭ ലക്ഷണം. രോഗം വരാതെ പ്രതിരോധിക്കുന്നതിനായി പച്ചയും ചുവപ്പും ചീരകൾ ഇടകലർത്തി നടുക, സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് 10 ദിവസത്തെ ഇടവേളകളിലായി തളിച്ച് കൊടുക്കുക. 40 ഗ്രാം പാൽക്കായം 8 ഗ്രാം അപ്പക്കാരം 32 ഗ്രാം മഞ്ഞൾ പൊടി എന്നിവ 10 ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലകളിൽ തളിച്ച് കൊടുക്കുന്നതും രോഗ പ്രതിരോധ ശേഷിയ്ക്ക് ഉപകരിക്കും രോഗം നിയന്ത്രിക്കുന്നതിനായി പുതിയ ചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ 20 ഗ്രാം സുഡോമോണാസ് ഒരു ലിറ്ററിന് എന്ന തോതിൽ ഇലകളിൽ തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം